# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -**2431** **18.02.2016** ൽ മറുപടിയ്ക്ക്

**ബാവിക്കര-റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്:** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ്, ബാവിക്കര-റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ പ്രസ്തുത കരാറിൽ നിന്ന് തന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് ; പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) ഇല്ല. ഈ പ്രവൃത്തിയുടെ ഡിസൈനിൽ വ്യത്യാസം വരുത്തി പുതുക്കിയ സാങ്കേതികാനുമതി നല്കിയപ്പോൾ നിലവിലുള്ള കരാറിലെ ഇനങ്ങൾക്ക് വ്യത്യാസങ്ങൾ വരുകയും പുതിയ ഇനങ്ങൾ ചേർക്കേണ്ടതായും വന്നു. പുതുക്കിയ സാങ്കേതികാനുമതി പ്രകാരമുള്ള എസ്റ്റിമേറ്റിൽ വന്ന വ്യത്യാസങ്ങൾക്കുള്ള സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരൻ തയ്യാറായില്ല. ആയതിനാൽ കരാറുകാരനെ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കേണ്ടി വന്നു. |
| (ബി) തന്നെ ഒഴിവാക്കണമെന്ന കരാറുകാരന്റെ ആവശ്യത്തിന്മേൽ സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ടെങ്കിൽ നിർമ്മാണം എങ്ങനെ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; 30 വർഷത്തിലധികമായി ജനങ്ങൾ കാത്തിരിക്കുന്ന പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങുവാനും പൂർത്തീകരിക്കുവാനും കഴിയും എന്നാണ് ഉദ്ദേശിക്കുന്നത്? | (ബി) 27.01.2016 ന് ബഹു മാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗതീരുമാന പ്രകാരം റഗുലേറ്ററിന്റെ ബാക്കി പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) പുതിയ റേറ്റിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമായാലുടൻ പദ്ധതി തുടങ്ങുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**